**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കളമശ്ശേരി നഗരസഭ - കൊച്ചിൻ ചിൽഡ്രൻസ് പാർക്ക് നിർമ്മാണ പ്രവൃത്തി - 15 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ 6 മാസക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

.=================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2882/2015/തസ്വഭവ. തീയതി, തിരുവനന്തപുരം, 22.09.2015.

=================================================================

പരാമർശം:- 1) കളമശ്ശേരി നഗരസഭാ കൗൺസിലിന്റെ 13.08.2015-ലെ 18-ാം നമ്പർ തീരുമാനം.
2) കളമശ്ശേരി നഗരസഭാ ചെയർമാന്റെ 24.08.2015-ലെ അപേക്ഷ.

**<u>ഉത്തരവ്</u>**

കളമശ്ശേരി നഗരസഭയ്ക്ക്, കിൻഫ്ര വ്യവസായ വകുപ്പിന്റെ ലാന്റിൽ സൗജന്യമായി നൽകിയ സ്ഥലത്ത് കൊച്ചിൻ ചിൽഡ്രൻസ് സയൻസ് പാർക്കിന്റെ നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചു വരുന്നുവെന്നും പ്രസ്തുത പാർക്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും പാർക്ക് സംരക്ഷിക്കുന്നതിനുമായി ജീവനക്കാർ സ്വന്തമായി നഗരസഭയിൽ ഇല്ലാത്തതിനാൽ 20 ജീവനക്കാരെ ദിവസവേതനാടിസ്ഥാനത്തിൽ 6 മാസക്കാലത്തേയ്ക്ക് നിയമിക്കുവാനുള്ള പരാമർശം (1)-ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഇതിന്മേൽ അനുമതിയ്ക്കായി പരാമർശം (2) പ്രകാരം കളമശ്ശേരി മുനിസിപ്പൽ ചെയർമാൻ അപേക്ഷിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും നഗരസഭാ കൗൺസിൽ തീരുമാനം അംഗീകരിച്ച് കളമശ്ശേരി നഗരസഭ നിർമ്മിച്ചു വരുന്ന കൊച്ചിൻ ചിൽഡ്രൻസ് സയൻസ് പാർക്കിന്റെ ദൈനംദിന പ്രവർത്തനങ്ങൾക്കും പാർക്ക് സംരക്ഷിക്കുന്നതിനുമായി 15 ജീവനക്കാരെ ദിവസ വേതനാടിസ്ഥാനത്തിൽ 6 മാസക്കാലയളവിലേയ്ക്ക് നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്. താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ചായിരിക്കണം പ്രസ്തുത നിയമനങ്ങൾ. മേൽപ്പറഞ്ഞ തൊഴിലാളികളെ അവരുടെ സേവനകാലാവധി തീരുന്ന മുറയ്ക്ക് പിരിച്ചു വിടേണ്ടതുമാണ്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**എ.പി.എം. മുഹമ്മദ് ഹനീഷ്. ഐ.എ.എസ്.,**
**സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
സെക്രട്ടറി, കളമശ്ശേരി നഗരസഭ.
ചെയർമാൻ, കളമശ്ശേരി നഗരസഭ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ